# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## മേൽപട്ടക്കാർ പള്ളി സന്ദർശിക്കുമ്പോൾ ചൊല്ലുന്ന

## ലുത്തിനിയാ

## മേല്പട്ടക്കാർ പള്ളി സന്ദർശിക്കുമ്പോൾ ചൊല്ലുന്ന ലുത്തിനിയാ

(മേല്പട്ടക്കാരനും പട്ടക്കരും പള്ളിയിൽ പ്രവേശിച്ച്)

ജനങ്ങൾ എഴുന്നേറ്റ് നിന്നുകൊണ്ട്

മഹത്വീകരണം

**മേല്പട്ടക്കാരൻ:** പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

**ജനം** : ആദി മുതൽ എന്നന്നേക്കും തന്നെ ആമീൻ

### കൌമ്മാ

### പ്രാരംഭ പ്രാർത്ഥന

കർത്താവേ, ഞങ്ങളുടെ സകല വിചാരങ്ങളും, വചനങ്ങളും, പ്രവർത്തികളും, സൗരഭ്യം നൽകുന്ന സ്തുതിയുടെ യാഗങ്ങളായി നിനക്ക് അർപ്പിപ്പാൻ ഞങ്ങൾ യോഗ്യതയുള്ളവരായിത്തീരേണമെ. പിതാവും, പുത്രനും, പരിശുദ്ധറൂഹായുമായ ദൈവമേ, ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും കുറ്റമറ്റവയും നിന്റെ ദൈവത്തിനു ദൈവത്തിനു പ്രസാദങ്ങളുമായ സർവ്വാംഗ ഹോമങ്ങളായി തിരു സന്നിധിയിൽ എല്ലായ്പോഴും ഞങ്ങൾ കാണപ്പെടുകയും ചെയ്യുമാറാകേണമേ. ഹോശാ വബ്കൂൽസ് ബാൻല്ഒൽമീൻ.

### ഗീതം

കർത്തവേ, നിൻ ബെസ്ഗസ്സായിൽ
വാതിലിൽ മുട്ടീട്ടനുഗ്രമിരക്കുന്നേൻ
വഴി തെറ്റീട്ടകലെ പോയോരു പാപി ഞാനയ്യോ –
അനുതപിച്ചവയെ വിട്ടു ഞാൻ തവ
കൃപയാൽ ജീവിപ്പാനരുൾക
ദയവാനെ തവ വാതിൽ വിട്ടിട്ടെവിടെപ്പോയി
മുട്ടീടുന്നെങ്ങൾ
മന്നിലെ നൃപതൻ വന്ദിത ബഹുമാനിതനാം മന്നാ–
നിൻ കൃപ നിന്നെ പ്രാർത്ഥിക്കാഞ്ഞാലെങ്ങൾ – ക്കായ്
മറ്റാരിരന്നീടും.

### അപേക്ഷ

(പ്രതിവാക്യം : നീ വാഴ്ത്തപ്പെട്ടവനും സ്തുതിക്കപ്പെട്ടവനുമാകുന്നു)

1. വാത്സല്യ പുത്രനെ പാപികളായ ഞങ്ങൾക്കു വേണ്ടി ഇഹലോകത്തിലേക്ക് അയപ്പാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചവനായ ദൈവമേ ....
2. ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ പീഢാനുഭവത്താലും ക്രൂശിൽ തറപ്പാലും, സകല വഞ്ചനയിൽ നിന്നും ഞങ്ങളെ രക്ഷിച്ചവനായ മ്ശിഹായേ .........

3. രഹസ്യമായ നിന്റെ ശക്തിയാൽ പാപക്കറയിൽ നിന്ന് ഞങ്ങളെ വീണ്ടെടുക്കുന്ന പരിശുദ്ധാത്മാവാം ദൈവമേ .............

4. ത്രിത്വമായ ഏക ശക്തിയായ പിതാവും പുത്രനും പരിശുദ്ധ റൂഹാവയുമായ ദൈവമേ ...

**ലുത്തിനിയാ**

**ഒന്നാം ഭാഗം**

എല്ലാവരും :കരുണയുള്ളവനേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം മുട്ടുന്നു–നിന്നെ വന്ദിക്കുന്നവരിൽ നിന്ന് അവരുടെ ആവശ്യങ്ങളുടെ യാചനകളെ നീ മുടക്കരുതേ–കുറിയേലായിസ്സോൻ

പട്ടക്കാരൻ :സഹോദരന്മാരെ, നിരപ്പിന്റെയും സമാനാനത്തിന്റെയും ദൂതിനായും–അനുഗ്രഹങ്ങൾക്കായു കരുണകൾക്കായും–എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജനം :ഞങ്ങളുടെ കർത്താവേ–നിന്റെ കരുണയാൽ ഞങ്ങൾക്കു നൽകേണമേ.

പട്ടക്കാരൻ :സഹോദരന്മാരെ സഭകൾക്കു നിരപ്പും ദയറാകൾക്കു സമാധാനവും–അവയുടെ പട്ടക്കാർക്കു നല്ല കാലവും പ്രജകൾക്കു പരിപൂർണ്ണതയുള്ള കാലവും ഉണ്ടാകുവാനായിട്ട്–എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജനം :ഞങ്ങളുടെ കർത്താവേ–നിന്റെ കരുണയാൽ ഞങ്ങൾക്കു സമാധാനം നൽകേണമേ.

പട്ടക്കാരൻ :സഹോദരന്മാരെ, നല്ല പ്രവൃത്തികൾകൊണ്ട് മാന്യതയും വെടിപ്പുമുള്ള നീതിയിൻ നടപടികൾ കൊണ്ടും ദൈവത്തിനു പ്രസാദമുള്ള സത്യക്രിസ്ത്യാനികൾ നാം ആകുവാനായിട്ട്–എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജനം :ഞങ്ങളുടെ കർത്താവേ–നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

പട്ടക്കാരൻ :സഹോദരന്മാരേ, കർത്താവിന്റെ നിത്യവും മഹത്തും ആയ സ്നേഹത്തിനെതിരായുള്ള എല്ലാ ഹൃദയ കാഠിന്യത്തിൽ നിന്നും, അവന്റെ നീതിയുള്ള കോപത്തേയും ഭയങ്കരമായ ന്യായവിധിയേയും ഉജ്ജലിപ്പിക്കുന്നതായ സകല പാപത്തിൽ നിന്നും, രക്ഷപ്പെടുവാനായി–എല്ലാ സമയത്തും കർത്താവിനോടു നാം അപേക്ഷിക്കണം.

ജനം :ഞങ്ങളുടെ കർത്താവേ–നിന്റെ സ്ലീബായാൽ ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

പട്ടക്കാരൻ :ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ കൃപയാലും കരുണയാലും-അനുഗ്രഹങ്ങളുടെ ബഹുത്വത്താലും-രോഗികൾക്ക് പരിപൂർണ്ണ സൗഖ്യവും-ഞെരുങ്ങിയിരിക്കുന്നവർക്ക് ആശ്വാസവും ബന്ധനത്തിലിരിക്കുന്നവർക്ക് വിടുതലും-ദൂരെപോയിരിക്കുന്നവർക്ക് തിരിച്ചുവരവും-സമീപസ്ഥന്മാർക്ക് നല്ല കാവലും-ഭിന്നിച്ചിരിക്കുന്നവർക്ക് കൂടിവരവും-കാണാതെ പോയവർക്ക് കണ്ടെത്തിപ്പും-വിലപിക്കുന്നവർക്ക് ആശ്വാസവും-ആവലാതിയോടിരിക്കുന്നവർക്ക് ആനുകൂല്യവും- അഗതികൾക്ക് സന്തുഷ്ടിയും-വിധവകൾക്ക് മനോധൈര്യവും സഹായവും-ദരിദ്രന്മാർക്ക് യാവനയും തൃപ്തിയും-പാപികൾക്കു പൂർണ്ണമോചനവും-പട്ടത്വത്തിനു നല്ല ശ്രേഷ്ഠതയും-ശെമ്മാശന്മാർക്ക് നിർമ്മലതയും-ഭൂമിയിലെ രാജ്യങ്ങളിൽ നിന്റെ സമാധാനവും-യുദ്ധങ്ങൾക്കു ശമനവും നീ നൽകേണമേ.

ജനം :ഞങ്ങളുടെ കർത്താവേ-നിന്റെ കൃപയാൽ സൗജന്യമായി നൽകേണമേ.

പട്ടക്കാരൻ :സകലത്തിന്റെയും ഉടയവനായ പിതാവായ ദൈവത്തെ നാം സ്തോത്രം ചെയ്കയും-തന്റെ റൂഹായെ നാം സ്തുതിക്കയും ചെയ്യണം.

ജനം :അനുഗ്രഹിക്കുന്നവനായ കർത്താവേ-നിന്റെ തൃക്കൈയിൽ ഞങ്ങളുടെ ജീവനെ ഭരമേല്പിച്ച്-അനുഗ്രഹങ്ങൾ ഇരക്കുന്നു-നല്ലവനേ ദയതോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

## ലുത്തിനിയാ

### രണ്ടാം ഭാഗം

പട്ടക്കാരന്റെ പിന്നാലെ ഏറ്റുചൊല്ലണം.

ഞങ്ങളുടെ കർത്താവേ, ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കേണമേ.

അനുഗ്രഹം നിറഞ്ഞിരിക്കുന്നവനായ കർത്താവേ, ഞങ്ങളോടു ഉത്തരമരുളേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും ചെവിക്കൊള്ളേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ അനുതാപത്തിൽ നീ സന്തോഷിക്കേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ രോഗികളെ നീ സ്വസ്ഥതപ്പെടുത്തേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ പാപങ്ങളെ നീ പരിഹരിക്കേണമേ.

ഞങ്ങളുടെ കർത്താവേ, ക്ഷാമവും വസന്തതയും നീക്കിക്കളയേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളിൽ നിന്ന് ക്രോധവഴികളെയും, കഠിന ശിക്ഷകളെയും ദൂരീകരിക്കേണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളിൽ നിന്ന് നിഗളത്തെയും അഹങ്കാരത്തെയും മാറ്റിക്കളയണമേ.

ദാവീദിന്റെ പുത്രാ, ഞങ്ങളെ കേൾക്കേണമേ.

കന്യകമറിയാമ്മിന്റെ പുത്രാ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ.

ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി, എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി. ബാറെക്മാർ

(ഒരു പ്രാർത്ഥന)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................

ജനം : നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ – നിന്റെ രാജ്യം വരേണമേ – നിന്റെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ – ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ – ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ – ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ – ഞങ്ങളെ പരീക്ഷയിലേക്ക പ്രവേശിപ്പിക്കാതെ – ഞങ്ങളെ ദുഷ്ടനിൽ നിന്നു രക്ഷിച്ചു കൊള്ളേണമെ – എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമേൻ.

ആശിർവ്വാദം

# മാർ അപ്രേമിന്റെ മെമ്മറാ

## ശയന നമസ്ക്കാരം

1. ഞങ്ങൾക്കുള്ള കർത്താവേ
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്,
ഉണർവോടെ നിൻ തിരുമുൻപിൽ
നില്പാനെനിക്കു നീ അരുളേണമേ

2. വീണ്ടും ഞാനുറങ്ങുന്നാകിൽ
ഈയടിയാനുള്ള ഉറക്കം
കർത്താവേ നിൻതിരുമുൻപിൽ
ദോഷം കൂടാതാകണമേ

3. എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻകൃപമോചനം എനിക്കേകും
നിദ്രയിലും പിഴ വന്നാകിൽ
ആർദ്രമതേ ! ക്ഷമ നൽകണമേ.

4. നിന്നുടെ കുരിശിൻ ശാന്തിയതാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയിൽനി–
ന്നെന്നെ നീ രക്ഷിച്ചുകൊള്ളേണമേ

5. ശാന്തതയേറിയ നിദ്രയതാൽ
ശാന്തി തരേണം രാമുഴുവൻ
ആകാനിനവും ദുഷ്ടതയും
അധികാരത്തിലമർത്തല്ലേ

6. നിന്നുടെ അടിയാൻ ഞാനതിനാൽ
എന്റെ ശരീരം കാപ്പാനായ്
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ

7. ദ്വേഷതപെട്ടൊരിചരയിൽ നി–
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ
ഉയിരേകും നിള്ളദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ

8. ആശ്വാസത്തിലുറങ്ങുമ്പോൾ
ആശിസ്സഭയം നിൻരക്തം
നിൻ സൃഷ്ടിക്കിഹ സ്വാതന്ത്ര്യം
നീ കൃപയോടെ നൽകണമേ

9. നിൻകൈ മനഞ്ഞ ശരീരത്തിൽ
നിന്റെ വലങ്കൈ വാഴണമേ
നിന്റെ കരുണകൾ കോട്ടയതായ്
എന്റെ ചുറ്റിലുമാകണമേ

10. നിദ്രയിലാണ്ടു കിടക്കുമ്പോൾ
ഭദ്രം കാവലു നിൻശക്തി
എന്റെയുറക്കം തരുമുൻപിൽ
നൽധൂപം പോലാകണമേ

11. എന്നെപ്പോറ്റുന്നുടയവനെ
നിന്നോടു തന്നെ യാചിപ്പൂ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപെട്ടവനണയരുതേ

12. ബലവാനായ് ഞാൻ ജീവിപ്പാൻ
ബലിയായ് ജീവനണച്ചവനേ !
എന്നെ വ്യസനത്തിലാക്കയ്‌വാൻ
സാത്താനെ നീ വിലക്കണമേ

13. കർത്താവേ നിൻ വാഗ്ദത്തം
എന്നിൽ നിറവേറ്റീടണമേ
നിന്റെ സ്ലീബാമരണത്താൽ
എന്റെ ആയസ്സു കാക്കണമേ

14. ഞാനുണരും നേരത്തിങ്കൽ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ നിദ്രാവേളയിലും
നിന്റെ ഉപവി നീ കാട്ടണമേ

15. നിൻതിരുമനസ്സിനെ ഞാനറിഞ്ഞു
ഞാനതിനെ ചെയ്‌വാനായി
നിന്റെ മനോഗുണമതിനാലെ
എനിക്കു മനോഗുണം അരുളുക നീ

16. നിരപ്പുനിറഞ്ഞോരന്തിയതും
നീതിവിളങ്ങും രാവും നീ
ഞങ്ങളുടെ രക്ഷകനാം മ്ശിഹാ
നാഥാ അടിയാർക്കരുളണമേ

17. വെളിവിൻ വെളിവു നീ ആകുന്നു
വെളിവിൽതന്നെ പാർക്കുന്നു.
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ നമിക്കുന്നു

18. നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
അടിയാരുടെ മേലിരിക്കണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാകണമേ

19. എൻകർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി സ്തുതി നിനക്കു സ്തുതി
ആയിരങ്ങളിന്മേലായിരമായ്
അളവുകൂടാതെ നിനക്കു സ്തുതി

20. പ്രാർത്ഥനകൾ കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്
യാചനകൾ നൽകീടണമേ.

കുറിയേലായിസ്സോൻ – കുറിയേലായിസ്സോൻ – കുറിയേലായിസ്സോൻ

---